Rama Varmha Tampuran.—Yes; that would be the correct answer.

Dr. A. R. Menon.—Then why did not the Government advertise at the very outset that they are going to select the men from the service? That would have saved a lot of postage stamps and Railway fare in these hard days.

Rama Varmha Tampuran.—That might have been; but it will be a novel procedure.

Dr. A. R. Menon.—There is no Government so novel as this Government.

Contract for next Educational year.

374. മിസ്റ്റർ കെ. പി. വള്ളോൻ.—അടുത്ത സ്കൂൾവർഷത്തിൽ കൺട്രാക്ട് ഏല്പിച്ചിരിക്കുന്നത് ആരെയാണ്; ടി കൺട്രാക്ട്; നെപ്പറ്റി ഗവർമ്മെണ്ടിൽനിന്നും വല്ല പരസ്യവും ചെയ്തിട്ടുണ്ടോ ഇല്ലെങ്കിൽ എന്തുകൊണ്ട്?

രാമവർമ്മതമ്പുരാൻ.—ചോദ്യം എന്തിനെസംബന്ധിച്ചാണ് എന്നു അറിയാത്തതുകൊണ്ട് ഉത്തരം പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—എന്റെ ചോദ്യത്തിനു മറുപടി പറഞ്ഞിരിക്കുന്നത് എന്തിനെസംബന്ധിച്ചാണ് ചോദ്യമെന്നു അറിയാത്തതുകൊണ്ട് മറുപടി പറയാൻ നിവൃത്തിയില്ലെന്നാണ്, ഈ കഴിഞ്ഞ സ്കൂൾ വർഷത്തിൽ അധ്യാപകവിദ്യാർത്ഥികൾക്ക് പുസ്തകങ്ങൾ, വസ്ത്രങ്ങൾ മുതലായവ കൊടുക്കുവാൻവേണ്ടിയുള്ള കൺട്രാക്ടിനെസംബന്ധിച്ചു പത്രപങ്തികളിൽനിന്നും വല്ല ആക്ഷേപങ്ങളും ഉണ്ടായിട്ടുള്ളതായി ഗവർമ്മെൻറിനറിയാമോ എന്നാണ് എന്റെ ആദ്യത്തെ ചോദ്യം. അടുത്ത സ്കൂൾവർഷത്തിൽ മേല്പടി കൺട്രാക്ട് ഏല്പിച്ചിരിക്കുന്നത് ആരെയാണ്? അതിനെപ്പറ്റി ഗവർമ്മെൻറിൽനിന്നും വല്ല പരസ്യവും ചെയ്തിട്ടുണ്ടോ എന്നാണ് ഈ ചോദ്യം. ഇതു് ആദ്യത്തെ ചോദ്യത്തെ തുടർന്നു ചോദിച്ചിട്ടുള്ളതാണ്

മിസ്റ്റർ സി. ജെ. മാത്യു.—ഇതുരണ്ടും രണ്ടുചോദ്യമായിട്ടാണ് ഗവർമ്മെൻറിലേക്കയച്ചു കൊടുത്തിട്ടുള്ളതു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—അനോന്യബന്ധമുള്ള രണ്ടു ചോദ്യങ്ങളായാൽ അടുത്തടുത്തു ചേർക്കുവാൻ പ്രയാസമുണ്ടോ?

രാമവർമ്മതമ്പുരാൻ.—രണ്ടുതവണകളിലായി അയച്ചിട്ടുണ്ടെങ്കിൽ മറുപടി പറയുവാൻ കുറച്ചുപ്രയാസമാണ്.

മിസ്റ്റർ എം. കെ. രാമൻ.—ഒരു സംഗതിയെക്കുറിച്ചുള്ള രണ്ടുചോദ്യങ്ങൾ രണ്ടുഭാഗങ്ങളിലായി കൊടുത്തിട്ട് ഇങ്ങനെയുള്ള ഉത്തരം പറയുന്നതിലെന്താണർത്ഥം?

മിസ്റ്റർ സി. ജെ. മാത്യു.—ഒരേവിഷയത്തെക്കുറിച്ചു രണ്ടുചോദ്യങ്ങൾ അയക്കുമ്പോൾ രണ്ടും ഒന്നിച്ചു മറുപടിപറഞ്ഞാൽ കൊ

LIBRARY ARCHIVES Kerala Legislative Assembly

ള്ളാമെന്നു് പ്രത്യേകിച്ചു നോട്ടുചെയ്തു അയച്ചാൽ അപ്രകാരം ചെയ്യുന്നതി യാതൊരു വിരോധവും ഇല്ല.

മിസ്റ്റർ എം. കൃഷ്ണമേനോൻ.—അടുത്ത സ്കൂൾ വഷ്ത്തിൽ ടി കൺട്രാക്ട് എന്നുള്ളതിൽ ആ "ടി" മാറ്റിയതെങ്ങിനെയാണു്? അടുത്ത സ്കൂൾവഷ്ത്തിൽ ടി കൺട്രാക്ടു് എന്നുകൂടിയുണ്ടെങ്കിൽ ചോദ്യം ശരിയാണു്.

മിസ്റ്റർ സി. ജെ. മാത്യു.—Original ഫയൽ നോക്കാതെ പറയാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. ടി. മാത്യു.—മനസ്സിലാകാത്ത ചോദ്യങ്ങൾ വന്നാൽ മെമ്പർമാർക്കു റിപ്പോർട്ടുചെയ്യേണ്ട ചുമതല പ്രകാരം കൌൺസിൽ സിക്രട്ടറിക്കില്ലേ?

മിസ്റ്റർ സി. ജെ. മാത്യു.—അങ്ങിനെ യാതൊരു നിർബ്ബന്ധം ഇല്ല.

മിസ്റ്റർ കെ. ടി. മാത്യു.—മനസ്സിലാകാത്ത ചോദ്യങ്ങൾ വന്നാൽ പ്രസിഡെണ്ടു് അഡ്മിറ്റു ചെയ്യുമോ? ഇതും അഡ്മിറ്റുചെയ്തിട്ടുള്ള സ്ഥിതിക്കു് ഗവർമ്മെൻറിനു് ഉത്തരം പറയേണ്ട ചുമതലയില്ലേ?

മിസ്റ്റർ സി. ജെ. മാത്യു. പ്രസിഡെണ്ടു് അഡ്മിറ്റ് ചെയ്യുന്ന ചോദ്യങ്ങൾ എല്ലാം ഗവർമ്മെണ്ടിനു മനസ്സിലായികൊള്ളണം എന്നില്ല. ഗവർമ്മെൻറിനു് മനസ്സിലാകാഞ്ഞാൽ അവർ "ചോദ്യം മനസ്സിലായില്ല" എന്നു പറയും.

മിസ്റ്റർ കെ. ടി. മാത്യു.—ഗവർമ്മെൻറു മെമ്പർമാർക്കു് അർത്ഥം മനസ്സിലായില്ലെങ്കിൽ അതു് പ്രസിഡെണ്ടിനോടു് ചോദിച്ചറിയാൻ പാടില്ലേ?

മിസ്റ്റർ സി. ജെ. മാത്യു.—ഉത്തരം പറയുന്ന കാര്യത്തിൽ ഗവർമ്മെൻറു് പ്രസിഡെണ്ടിനോടു യാതൊന്നും ചോദിക്കാറില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—പ്രസിഡെണ്ടുതന്നെയാണു് ദിവാനും!

മിസ്റ്റർ കെ. ടി. മാത്യു.—ഇനിയെങ്കിലും മനസ്സിലാകാത്ത ചോദ്യങ്ങൾ അഡ്മിറ്റുചെയ്തുവന്നാൽ പ്രസിഡെണ്ടിനോടു ചോദിച്ചറിഞ്ഞു് ഉത്തരം പറയുമോ?

മിസ്റ്റർ സി. ജെ. മാത്യു.—ഗവർമ്മെൻറിനെ ചോദ്യങ്ങൾ മനസ്സിലാക്കികൊടുക്കേണ്ട ചുമതല പ്രസിഡെണ്ടിനില്ല.

മിസ്റ്റർ കെ. അയ്യപ്പൻ.—ഗവർമ്മെൻറിനു് ഈ രണ്ടു ചോദ്യങ്ങളുംകൂടി വന്നപ്പോൾ അർത്ഥം മനസ്സിലായിട്ടില്ലേ?

രാമവർമ്മതമ്പുരാൻ.—രണ്ടുചോദ്യങ്ങളും ഒരുമിച്ചുതന്നെ വന്നിരിക്കണമെന്നില്ല. ഓരോ ചോദ്യങ്ങൾ വരുന്നു; അതു് ഓരോ ഡിപ്പാർട്ടുമെണ്ടിലേയ്ക്കയച്ചുകൊടുക്കുന്നു. രണ്ടുംകൂടി ഒരുമിച്ചുവരികയാണെങ്കിൽ മനസ്സിലാക്കുവാൻ വിഷമമുണ്ടായിരിക്കയില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ.—ഒരു സംഗതിയെക്കുറിച്ചു ള്ള പല ചോദ്യങ്ങൾ വരുന്നുവെങ്കിൽ അതിനെല്ലാം ശരിയായ മറുപടി കൊടുക്കേണ്ട കടമ ഗവൺമെൻറിനില്ലേ?

രാമവർമ്മതമ്പുരാൻ.—എല്ലാം ഒരു ദിവസത്തിൽ വന്നിട്ടുള്ള തായിരിക്കയില്ല.

ഡാക്ടർ എ. ആർ. മേനോൻ.—ഒരുദിവസം ഒരു സമയത്തു് ഒരേ ക്ലാർക്കിൻെറ കയ്യിൽ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്കു് ഇങ്ങിനെ മറുപടി പറഞ്ഞിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—നോട്ടീസ് വേണം മറുപടി പറയുവാൻ.

മിസ്റ്റർ കെ. അയ്യപ്പൻ.—ഇങ്ങിനെ ഒരു ചോദ്യം കണ്ടപ്പോൾ അന്നുതന്നെ അതു് അയയ്ക്കുവാൻ മറന്നുപോയി. എന്നു് വരാറില്ലേ?

രാമവർമ്മതമ്പുരാൻ.—അങ്ങിനേയും ധാരാളം വരാറുണ്ടു്. Name ഇല്ലാതേയും നമ്പറില്ലാതേയുമുള്ള അധവധി Questions വരാറുണ്ടു്.

മിസ്റ്റർ കെ. ടി. മാത്യു.—ഗവൺമെണ്ടിനു് ആദ്യം ഇതു മനസ്സിലായിട്ടില്ലെങ്കിൽ ഇനിയെങ്കിലും പ്രസിഡെണ്ടിനോടു് ചോദിച്ചറിയുമോ?

മിസ്റ്റർ സി. ജെ. മാത്യു.—അതിൻെറ ഉത്തരം ഒരിക്കൽ പറഞ്ഞുകഴിഞ്ഞു.

Mr. A. Sankara Poduval.—May I draw the attention of the House to Rule 10? It reads thus.—The Secretary shall submit every question of which notice has been duly given to him to the President who may either allow it, or, when any question is not properly framed, may either himself amend it in such a way as to render it admissible or may cause it to be returned to the Member concerned for the purpose of amendment.

Mr. C. J. Mathew.—This rule is being strictly followed. Whenever a question is found to be not properly framed, it is returned to the member concerned to resubmit it after amending it.

മി. കെ. ടി. മാത്യു—അത്ഥം മനസിലാകാത്ത ചോദ്യങ്ങൾ എങ്ങിനെയാണു് പ്രസിഡണ്ടു് admit ചെയ്യുന്നതു?

Mr. C. J. Mathew.—The President admits all the questions, which do not offend any of the rules. It is the Government's duty to say whether a certain question is intelligible or not.

Mr. K. M. Ibrahim.—If the question is unintelligible have the Government any objection to return it to the Member concerned for amendment and return?

Mr. C. J. Mathew.—Government may do so as a matter of courtesy. There is no rule to that effect.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. M. Ibrahim.—Is there any rule against it?

Rama Varmha Tampuran.—If the Member makes the question clear in the Council we generally answer it if we can. That can be done in this case also.

മിസ്റ്റർ കെ. ടി. മാത്യു.—ഞാൻ ചോദിച്ചതിനു് ശരിയായ ഉത്തരം പറഞ്ഞാൽ കൊള്ളാം. എന്റെ ചോദ്യം ഇതാണു്. ഒരു മെമ്പർ മനസ്സിലാക്കുവാൻ നിവൃത്തിയില്ലാത്ത ചോദ്യങ്ങൾ താമ്മെൻറിലേക്കു് സമർപ്പിക്കുകയും, പ്രസിഡൻറു് അതു് സ്വീകരിക്കുകയും ചെയ്താൽ ഉത്തരം പറയേണ്ട അവസരത്തിൽ താമ്മെൻറിനു് ചോദ്യം വ്യക്തമായി മനസ്സിലാകുന്നില്ലെങ്കിൽ പ്രസിഡൻറിനോടു ചോദിയ്ക്കുകയോ അല്ലാത്തപക്ഷം മെമ്പറന്മാരെ വിവരം അറിയിയ്ക്കുകയോ ചെയ്യുന്നതിനു ദയവുണ്ടാകുമോ?

Rama Varmha Tampuran.—We shall note that point and consider it.

മിസ്റ്റർ പി. എസ്സ്. കേശവൻനമ്പൂതിരി.—ഈ കൺടാക്ടിനു് ടെണ്ടർ വിളിയ്ക്കുകയുണ്ടായോ?

രാമവർമ്മതമ്പുരാൻ.—പുസ്തകം കൊടുക്കുന്ന കാര്യത്തിലാണെങ്കിൽ രണ്ടു ടെണ്ടർ കിട്ടീട്ടുണ്ടു്.

മിസ്റ്റർ എം. കൃഷ്ണമേനോൻ.—ആദ്യത്തെ ചോദ്യത്തെ തുടർന്നുള്ള ചോദ്യമാണു് ഇതു് എങ്കിൽ ടി കൺടാക്ടു് എന്നുകാണണം. ഇതിൽ ടി കാണുവാനില്ല. അതു് അച്ചടിപ്പിഴയോ മറ്റോ കൊണ്ടു വന്നിട്ടുള്ളതാണോ?

Mr. C. J. Mathew.—Sir, I shall find it out from my office file just now.

മിസ്റ്റർ എം. കൃഷ്ണമേനോൻ.—ഈ ചോദ്യത്തിന്റെ അർത്ഥം കളയുവാൻ വേണ്ടിയാണോ ടി എടുത്തുകളഞ്ഞതു്? ടി ഉണ്ടെങ്കിൽ ഇതിനർത്ഥമുണ്ടു്. ടി എടുത്തുകളഞ്ഞതോ പ്രിൻഡിംഗു് മിസ്റ്റേക്കോ?

മിസ്റ്റർ എ. ശങ്കരപുത്തുവാൾ.—ടി എന്നതു് ആപ്പീസു് കോപ്പിയിൽ പോയതായിരിയ്ക്കുമോ?

മിസ്റ്റർ സി. ജെ. മാത്യു.—ആ ഫയൽ കൊണ്ടുവരുവാൻ പോയിട്ടുണ്ടു്. അതു നോക്കി മറുപടി പറയാം.

മിസ്റ്റർ എം. കൃഷ്ണമേനോൻ.—എന്റെ ചോദ്യം ഈ ടി പോയതു് എങ്ങോട്ടാണെന്നാണു്.

Mr. C. J. Mathew.—I regret it is a mistake made while communicating the question from my office. It is a clerical error.

മിസ്റ്റർ എം. കൃഷ്ണമേനോൻ.—ടി കൂടിയുണ്ടെങ്കിൽ ഇതിനർത്ഥമുണ്ടു്.

മിസ്റ്റർ പി. എസ്സ്. കേശവൻ നമ്പൂതിരി.—പരസ്യം ചെയ്യാതെ എങ്ങിനെയാണു് ടെണ്ടർ കൊടുക്കുന്നതു്?

രാമവർമ്മതമ്പുരാൻ.—കൺടാക്ടു് കൊടുത്തു് പുസ്തകം സപ്ലൈ ചെയ്യുവാനായിട്ടാണു് ടെണ്ടർ വിളിയ്ക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. എസ്സ്. കേശവൻനമ്പൂതിരി.—പരസ്യം ചെയ്യാതിരിയ്ക്കുവാൻ വല്ല കാരണവുമുണ്ടോ?

രാമവർമ്മതമ്പുരാൻ.—പ്രത്യേകിച്ചു ഒരു കാരണമൊന്നുമില്ല.

മിസ്റ്റർ കെ. അയ്യപ്പൻ.—പരസ്യം ചെയ്യാതെ ടെണ്ടർ വിളിയ്ക്കാൻ ആളുകളുണ്ടാകുമോ?

രാമവർമ്മതമ്പുരാൻ.—പുസ്തകം സപ്ലൈ ചെയ്യുന്ന കാര്യത്തിനാണെന്നുള്ളതു് എല്ലാവർക്കും അറിയാം.

മിസ്റ്റർ കെ. അയ്യപ്പൻ.—അടുത്ത കൊല്ലത്തേയ്ക്കു് പുസ്തകം സപ്ലൈ ചെയ്യുവാൻ ഏല്പിച്ചിരിക്കുന്നതു് ആരെയാണു്?

രാമവർമ്മതമ്പുരാൻ.—കോ-ഓപ്പറേറീവ് സൊസൈറ്റി സെക്രട്ടറി, ദേവരാജയ്യർ, ബുക്ക്സെല്ലേഴ്സ്.

മിസ്റ്റർ കെ. അയ്യപ്പൻ.—പരസ്യം ചെയ്യാതെ എങ്ങിനെയാണു് പുസ്തകം സപ്ലൈ ചെയ്യുന്നതു്?

രാമവർമ്മതമ്പുരാൻ.—നോട്ടീസു് വേണം.

മിസ്റ്റർ എം. കെ. രാമൻ.—രണ്ടുപേർക്കേ ടെണ്ടർ ഉണ്ടായിരുന്നുള്ളു; അതിൽ ഒരാൾക്കു കൊടുത്തുവെന്നു പറയുന്നു. മറ്റേ ആൾക്കു കൊടുത്തില്ലേ?

രാമവർമ്മതമ്പുരാൻ.—നോട്ടീസു് വേണം.

മിസ്റ്റർ കെ. പി. വള്ളോൻ.—ടെണ്ടർ വിളിക്കാതെ ആ ആൾക്കു കൊടുത്തിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—അനേഷിയ്ക്കാം.

മിസ്റ്റർ പി. എസ്സ്. കേശവൻ നമ്പൂതിരി.—ഇനിമേലാലെങ്കിലും ഇതിനെപ്പറ്റി വേണ്ടപോലെ അനേഷിയ്ക്കുമോ?

രാമവർമ്മതമ്പുരാൻ.—ഈ Point നെപ്പറ്റി enquire ചെയ്യാം.

Appointments in the Income-tax Department—advertisement for.

375. Mr. K. T. Mathew.—Will the Government be pleased to inform:—

(a) whether representation was not made in the Legislative Council that as appointments to be made are not advertised, duly qualified persons residing outside Trichur and Ernakulam do not get information in time to apply for the posts to be filled up; and if so,

(b) whether all the appointments in the Income-tax Department were advertised and applications called for; and if not,

(c) what is the reason for not complying with the request in the representation made in the Legislative Council?

Rama Varmha Tampuran.—(a) Yes.

LIBRARY ARCHIVES Kerala Legislative Assembly